## 1070

1 വല്ലഭനാം മശിഹാ വരുമല്ലോ അല്ലലെല്ലാം അശേഷം തീരുമല്ലോ
ഹല്ലേലുയ്യാ വാഴ്ത്തിപ്പാടാം തുല്യമില്ലാ നാമം വാഴ്ത്താം
ആമോദമായി ആമോദമായി-

2 രോഗം ശോകം ദുഃഖം ഭാരം എല്ലാം മാറുന്ന
നല്ല ദിനം നോക്കി നോക്കി വസിച്ചിടുന്നേ ആശയാൽ വസിച്ചിടുന്നേ-

3 ഓരോ ഓരോ ദിനങ്ങളും കഴിഞ്ഞിടുമ്പോൾ
കർത്തൻ വരുന്ന നാളതും അടുത്തിടുന്നേ-

4 മഹാരാജൻ വാണിടുന്ന ദിനങ്ങളോർത്താൽ
മരുഭൂവിൻ വാസമേതും നിസ്സാരമെന്ന് എണ്ണുന്നേ നിസ്സാരമെന്ന്-

5 ഈ ലോകത്തിൻ ചിന്താകുലം ലേശമില്ലാതെ
പ്രത്യാശയാൽ ആനന്ദത്താൽ നിറഞ്ഞിടുന്നേ-

6 വേഗം വരാമെന്നുരച്ച അരുമനാഥൻ മേഘത്തേരിൽ മാലാഖ-
മാരകമ്പടിയായ് വരുമേ അരുമനാഥൻ

7 ഗംഭീരനാദം കാഹളം ദൂതശബ്ദവും
കേട്ടിടുമ്പോൾ നൊടിയിടെ ഞാനും പറക്കും- **K.V.H.**